# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട**
**നിയമസഭാചോദ്യം നം. 260**

**10.03.2017-ന് മറുപടിയ്ക്ക്**

## പാഠപുസ്തകങ്ങൾ ഇന്റർനെറ്റിലൂടെ ലഭ്യമാക്കുന്നതിന് നടപടി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീമതി. ഇ.എസ്.ബിജിമോൾ<br>ശ്രീ. സി. ദിവാകരൻ<br>ശ്രീമതി. ഗീതാ ഗോപി<br>,, സി.കെ. ആശ | | പ്രൊഫ. സി. രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) | |
| (എ) | സർക്കാർ വിദ്യാലയങ്ങളിലേക്കുള്ള പാഠപുസ്തകങ്ങളെ ഇ-ബുക്കുകൾ ആക്കി ഇന്റർനെറ്റിലൂടെ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ ഏത് ഏജൻസിയെയാണ് പ്രസ്തുത ചുമതല ഏല്പിക്കുന്നത്; | (എ) | ഒന്നുമുതൽ 10 വരെയുള്ള ക്ലാസ്സുകളിലെ പാഠപുസ്തകങ്ങൾ ഇ-ബുക്കുകൾ ആക്കി ഇന്റർനെറ്റിലൂടെ ലഭ്യമാക്കിയിട്ടുണ്ട്. എസ്.സി.ഇ.ആർ.ടിയുടെ http://scert.kerala.gov.in/ എന്ന വെബ്സൈറ്റിലും ഐറ്റി@സ്കൂളിന്റെ http://it@school.gov.in/ എന്ന വെബ്സൈറ്റിലും ഇത് ലഭ്യമാണ്. |
| (ബി) | കേന്ദ്ര സർക്കാരിന്റെ 'ഇ-ബസ്റ്റാ' വിദ്യാഭ്യാസ പോർട്ടൽ മാതൃകയിൽ ഒരു വിദ്യാഭ്യാസ പോർട്ടൽ തുടങ്ങുന്നതിന് തയ്യാറാകുമോ; | (ബി) | കേന്ദ്ര സർക്കാരിന്റെ 'ഇ-ബസ്റ്റാ' വിദ്യാഭ്യാസ പോർട്ടൽ മാതൃകയിൽ ഒരു വിദ്യാഭ്യാസ പോർട്ടൽ തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. എന്നാൽ ഡിജിറ്റൽ കണ്ടന്റ്, ഇ-റിസോഴ്സ് മറ്റ് പഠന സഹായ സംവിധാനങ്ങൾ തുടങ്ങിയവ ഉൾപ്പെടുന്ന ഒരു പോർട്ടൽ ആരംഭിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. നിലവിലുള്ള വെബ്സൈറ്റ് 'മൊബൈൽ ഫ്രണ്ട്‌ലി' ആക്കുന്നതിനുള്ള ക്രമീകരണങ്ങളും ചെയ്യുന്നതാണ്. പ്രസ്തുത പോർട്ടലിന്റെ സേവനം 2017-18 അദ്ധ്യയന വർഷം മുതൽ അദ്ധ്യാപകർക്കും |

വിദ്യാർത്ഥികൾക്കും പൊതുജനങ്ങൾക്കും ഒരുപോലെ ഉപയോഗിക്കത്തക്ക രീതിയിൽ ലഭ്യമാക്കുന്നതാണ്.

| | |
|---|---|
| (സി) പാഠപുസ്തകങ്ങളുടെ പിഡിഎഫ് ഫയലുകൾ, ഇന്റർനെറ്റ് മുഖേന ലഭ്യമാക്കുന്നതുവഴി പാഠപുസ്തക വിതരണത്തിലെ കാലതാമസം മൂലമുണ്ടാകുന്ന പ്രശ്നങ്ങൾ മറികടക്കാനാകുമെന്ന് കരുതുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ? | (സി) പ്രസ്തുത കാലതാമസം ഒരു പരിധിവരെ മറികടക്കാനാകുമെങ്കിലും പാഠപുസ്തകങ്ങളുടെ പിഡിഎഫ് ഫയലുകൾ ഇന്റർനെറ്റ് മുഖേന ലഭ്യമാക്കുന്നത് ഒരുതരത്തിലും പാഠപുസ്തകങ്ങൾക്ക് പകരമാവില്ല എന്നതിനാൽ കൃത്യസമയത്ത് പാഠപുസ്തകങ്ങൾ കുട്ടികൾക്ക് ലഭ്യമാക്കുന്നതിന് വേണ്ട ക്രമീകരണങ്ങൾ ഇതിനകം ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ